[Vasthu Vidya Kusala C. Balakrishna Rao.]

My friend this side was under the impression that the Water Works and Drainage Engineer has asked for Executive Engineers in all these mofussil places *for the investigation work*. Sir, that is not correct. Investigation is now being conducted by the Assistant Engineers in these places under my personal directions. Executive Engineers will be appointed only when the construction is taken up.

Mr. Padmanabha Pillai referred to water supply to Neyyattinkara taluk, to tha coastal regions, Parasala, and one other place. At present the Water Works and Drainage Department has been entrusted by Government with the work of water supply to urban areas. In regard to rural areas, I think the Public Works Department deals with it, because under miscellaneous public improvements they have got an item 'water supply'. The Public Health Department also deals with it.

I think I have covered all the points and I hope the House will pass the demand.

The motion that a sum of Rs. 25,78,440 under Demand III—Water Works and Drainage Department was put to the vote of the House and carried.

The grant was made.

DEMAND IV—EDUCATION.

Mr. C. V. Chandrasekharan: Sir, I move for a grant of Rs. 48,31,112 under Demand IV—Education.

Mr. J. John Kattakayam: സർ, ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവൈകല്യങ്ങളെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെടുത്തണമെന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം.

ഈ സമീപകാലത്തു കുസ്തൃാനകളെ സംബന്ധിച്ചിടത്തോളം വളരെ ദോഷംചെയ്യുന്ന ഒരു സർക്കുലർ വിദ്യാഭ്യാസവകുപ്പിൽ നമ്മുടെ വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാലയത്തിൽ പ്രാർത്ഥന പാടില്ല എന്നുള്ളതാണ് അതു്.

Chairman: അങ്ങനെ ഒരു സർക്കുലർ പാസ്സാക്കിയിട്ടില്ല എന്നു വിദ്യാഭ്യാസഡയറക്ടർതന്നെ പ്രസ്താവിച്ചതുകൊണ്ട് ഈ കാര്യത്തെപ്പറ്റി പറയുന്നതു ശരിയല്ല.

Mr. J. John Kattakayam: ഡയറക്ടർചെയ്ത പ്രസ്താവനയുടെ അർത്ഥം ഇതാണെങ്കിൽ പിന്നെ ഇന്നലെ ചീഫ്സെക്രട്ടറി എന്റെ അടിയന്തിരപ്രമേയത്തെ എതിർത്തതു എന്തിനാണ്?

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Chandrasekharan: What I said when he spoke on the budget was that he stated that Government prohibited prayers in the schools by a change recently made in the Education Code. No circular was issued.

Chairman: Is that the change referred to by Mr. Kattakayam?

Mr.C. V. Chandrasekharan: Not that.

RaoBahadur Dr. N. Kunjan Pillai : ഞാൻ എതിർത്തതിനും പുറമെ ആരുതന്നെ ആ പ്രമേയത്തെ പിൻതാങ്ങിയില്ല എന്നതുമെങ്കിലുമറിയാമോ?

Mr. J. John Kattakayam : എന്റെ പ്രമേയത്തെ ആരും പിൻതാങ്ങിയില്ല എന്നുവച്ചു എന്റെ സങ്കടം കേൾക്കരുതെന്നുണ്ടോ? സർ, ഈ രാജ്യത്തെ വിദ്യാഭ്യാസശൂന്യതയെപ്പറ്റിയാണ് എനിക്കു അടുത്തതായി പറയാനുള്ളതു്. ഫൻസന്റ മേമാസം ഫ-നെ- അക്ഷരജ്ഞാനം ഇല്ലാത്തവരായി ആരുംതന്നെ നാങ്കിം ്പട്ടണത്തിൽ ഉണ്ടായിരിക്കരുതു് എന്നൊരു നിയമം അവിടത്തെ ഗവണ്മെന്റു പാസ്സാക്കി. ജപ്പാനിൽ അക്ഷരജ്ഞാനമില്ലാത്ത കുട്ടികളുടെ രക്ഷകന്മാരെ ജയിലിലേയ്ക്കും കുട്ടികളെ പള്ളിക്കൂടങ്ങളിലേയ്ക്കും അയക്കുന്നു. ഇവിടെയും അതുപോലെ നിർബന്ധിതമായ വിദ്യാഭ്യാസം നടപ്പിൽ വരുത്തണം.

ഗ്രാന്റുസ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽനിന്നും അരരൂപപിടിച്ചതു് താൽക്കാലികമായിട്ടുള്ള ഒരു ഏർപ്പാടാണെന്നു വിദ്യാഭ്യാസഡയറക്ടർ കഴിഞ്ഞ ആണ്ടിൽ പറയുകയുണ്ടായി. എന്നാൽ ഇപ്പോഴാകട്ടെ, അദ്ദേഹത്തിന്റെ കാലൊന്നു മാറിക്കാണുന്നു. ലോവർ ഹൗസിൽ ഇതിനെപ്പറ്റി ശക്തിയായി വാദപ്രതിവാദമുണ്ടായല്ലോ?

Chairman: ലോവർഹൌസിൽ ഉണ്ടായ കാര്യങ്ങളൊന്നും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല.

Mr. J. John Kattakayam: ഞാൻ ഇവിടെ അതുപറഞ്ഞൊന്നും പറയണമെന്നു വിചാരിച്ചിട്ടില്ല. എങ്കിലും ലോവർ ഹൌസിൽ വച്ചു ഇത്രവണ ഡയറക്ടർ ചെയ്ത പ്രസ്താവന കേട്ടപ്പോൾ അദ്ദേഹത്തിന്റെ ആദർശം സ്ഥിരമായിട്ടുതന്നെ ഈ അരരൂപപിടിത്തം തുടർന്നുകൊണ്ടു പോകണമെന്നുള്ളതാണെന്നു തോന്നി. ഞാൻ ഇന്നലെയും ഇതിനെപ്പറ്റി പറഞ്ഞു ഇപ്പോൾ ക്ഷാമകാലമാകയാൽ ഭക്ഷണസാധനങ്ങൾക്കു ധാരാളം കിട്ടുമെന്നും അതുകൊണ്ടു അരരൂപപിടിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

കൊണ്ടു വലിയ ദുഷ്യമൊന്നും വരാനില്ല എന്നും ആയിരുന്നു അദ്ദേഹം പറഞ്ഞത്. പിച്ചച്ചട്ടിയിൽ മണ്ണുവാരിയിട്ടതുപോലുള്ള ഒരു ശ്രോഹകൃത്യമാണ് ഇത്.

വിദ്യാഭ്യാസത്തിന്റെ ആണ്ടോടാണ്ടു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചെലവും ഒന്നു നിയന്ത്രിക്കേണ്ടതാണ്. ഇപ്പോൾ ർവ്വ ലക്ഷം രൂപ ഏകദേശം അരകോടി ഇതിനുവേണ്ടി ഗവണ്മെണ്ടു ചെലവാക്കുന്നുണ്ട്. ഈ തരത്തിൽ ചെലവുചെയ്തുപോയാൽ ഇതെവിടെ ചെന്നുനിൽക്കുമെന്നുള്ളതു കണ്ടുതന്നെ അറിയണം. ക്രമേണ ഈ തുക കുറയ്ക്കേണ്ടതാണെന്നാണു ഞാൻ പറയുന്നത്.

Mr. K. George : പ്രൈമറി സ്കൂളുകളിലുള്ള വിദ്യാഭ്യാസം നിർബന്ധിതമാക്കുമ്പോൾ ഈ ചെലവു കൂടുമോ, കുറയുമോ?

Mr. J. John Kattakayam: വെറും അക്ഷരജ്ഞാനത്തിനു മാത്രമുള്ള വിദ്യാഭ്യാസമാണു അതു്. അതുകൊണ്ടു വലിയചെലവു വരുകയില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ നില എന്താണു്? സ്റ്റുഡന്റുകളുടെ കനകകവാടങ്ങളിൽ കനകാംഗിയുടെ കാലൊച്ച കേൾക്കുന്ന കാലമാകഴിഞ്ഞുപോയി. ഇന്നത്തെ അദ്ധ്യസ്തവിദ്യരുടെ പെരുമാറ്റവും തൃപ്തികരമല്ല രക്ഷകർത്താക്കന്മാരെപ്പോലെ ജീവിച്ചാൽപ്പോരാ എന്നുള്ള വിചാരമാണു് അവർക്കുള്ളതു്. മാതാപിതാക്കന്മാരെ പോലും കുറച്ചുകാണുന്നതിനുംകൂടി അവർ മടിക്കയില്ല. ഇതാണു ഇന്നത്തെ ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ സ്ഥിതിയെങ്കിൽ എന്തിനു ഇതിനെ പ്രോത്സാഹിപ്പിക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. ഡിപ്പാർട്ടുമെൻറു ജീവനക്കാരുടെ നിലയും പലതരത്തിലാണു്. കാഞ്ചനമോഹികളുണ്ടക്കൂട്ടത്തിൽ കാമിനിമോഹിനികളുമുണ്ടു്. വളരെ പരിശുദ്ധമായി മാതൃകായോഗ്യമായിരിക്കേണ്ട ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു്. മറ്റുള്ളവർക്കു മാതൃക കാണിച്ചുകൊടുക്കേണ്ടവരാണു് അതിലെ ജീവനക്കാർ. ചില അള്ളകൾ സ്വാർത്ഥപൈശാചികനിർവ്യാതനത്തിനായി തുനിഞ്ഞിരിക്കുന്നതായും കാണുന്നു. മൂവാറ്റുപുഴ ഡിവിഷനൽ ഇൻസ്പെക്ടർ മി. രങ്കയ്യർ കൈക്കൂലിവാങ്ങിച്ചു എന്നു ലോവർഹൗസിൽ ചിലർ പറയുകയുണ്ടായി. തൊടുപുഴ മലയാളം സ്കൂളിനടുത്തു അവിടത്തെ എം. എൽ. എയുടെ ഒരു സഹോദരൻ കുറച്ചുസ്ഥലം വാങ്ങിച്ചു കെട്ടിടവുംവച്ചു. സ്കൂൾ കാമ്പൗണ്ടിൽനിന്നും 10 സെൻറു സ്ഥലാക്രമി ആ ആളിനു വിട്ടുകൊടുക്കണമെന്നു പറഞ്ഞു അദ്ദേഹം മി. രങ്കയ്യരോടപേക്ഷിച്ചു. അദ്ദേഹം ആ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയെ തള്ളിക്കളഞ്ഞു. ഡയറക്ടരോടപേക്ഷിച്ചു. അദ്ദേഹവും ആ അപേക്ഷ തള്ളി. ഇവർ രണ്ടുപേരും വളരെ നീതിയാണു ചെയ്തത്. ആ വിരോധംവച്ചാണു മി. രങ്കയ്യരെപ്പറ്റിയും ഡയറക്ടരെപ്പറ്റിയും ചില ആക്ഷേപങ്ങൾ ഇവിടെ പുറപ്പെടുവിച്ചതു്. എനിക്കു ഉദ്യോഗസ്ഥന്മാരെ വെള്ളയടിക്കുന്ന സ്വഭാവമില്ല. മി. രങ്കയ്യർ താമസിക്കുന്ന സ്ഥലത്തു വാടക കൊടുത്തില്ലെന്നുള്ളതാണു് മറെറാരു പരാതി. അദ്ദേഹം വാടക കൊടുക്കുന്നുണ്ടു്. ഉത്തരതിരുവിതാംകൂറിലെ മിക്ക പ്രൈവറ്റ് സ്കൂളിലേയും മാനേജുമെൻറു് കത്തോലിക്കർക്കാണു്. അവക്കാർക്കും മൂവാറ്റുപുഴയിലെ ഡിവിഷനൽ ഇൻസ്പെക്ടറെപ്പറ്റി യാതൊരു ദുരഭിപ്രായവും ഇല്ല. പിന്നെ അവിടെ ഒരു ഹെഡ് ക്ലാർക്കുണ്ടായിരുന്നു. അയാളെപ്പറ്റി ചിലർക്കു നല്ല അഭിപ്രായമില്ലായിരുന്നു. അദ്ദേഹത്തെ താമസിയാതെ തന്നെ അവിടെനിന്നും പായിക്കുകയും ചെയ്തു. അതിനു ഞാൻ ഡയറക്ടരോടു നന്ദി പറയുന്നു.

Mr. Komilezhathu Sankaran: ആരുടെ പരാതിയെപ്പറ്റിയാണു് മെമ്പർ പറഞ്ഞതു്?

Mr. J. John Kattakayam : മി: രങ്കയ്യരെപ്പറ്റിയുള്ള പരാതി.

Mr. Komilezhathu Sankaran: അതല്ല ഞാൻ ചോദിച്ചതു്, ആരാണു് മി: രങ്കയ്യരെപ്പറ്റി പരാതിപ്പെട്ടതു്?

Mr. J. John Kattakayam: നമ്മെപ്പോലെയുള്ള ഒരാൾ.

ഇന്നത്തെ അദ്ധ്യയനസമയവും മാറേണ്ടതത്യാവശ്യമാണു്. പഴയകാലത്തു് രാവിലെയും വൈകുന്നേരവുമാണു് അദ്ധ്യയനം നടത്തുന്നതു്. ഇന്നാകട്ടെ മദ്ധ്യാഹ്നസമയത്തു പഠിപ്പിക്കുന്നു. ഇന്നു സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു തീരെ ആരോഗ്യമില്ല, കണ്ണു കുഴിഞ്ഞും കവിളൊട്ടിയും മറവും കാണുന്നു. ഈ മദ്ധ്യാഹ്നസമയത്തുള്ള അദ്ധ്യയനം കൊണ്ടാണു് ഇങ്ങനെ വരുന്നതെന്നാണു് എനിക്കു തോന്നുന്നതു്.

ഫവ്വർ ൫-ാമാണ്ടു് മക്കാളെ പ്രഭുവിൻെറ കാലത്താണു ഇൻഡ്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കിയതു്. അതു ഈസ്റ്റിൻഡ്യാകമ്പനിക്കാർക്കു ക്ലാർക്കന്മാരെ ലഭിക്കുവാൻ വേണ്ടിമാത്രം ഏർപ്പെടുത്തിയതുമായിരുന്നു. അതാണു് ഇന്നും ഇവിടെ നിലവിൽ ഇരിക്കുന്ന വിദ്യാഭ്യാസരീതി. ആക്സ്ഫോർഡ്, കൊളമ്പ്യാ മുതലായ സർവ്വകലാശാലക്കാരുടെ സ്ഥിതി എന്തു് എന്നു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ആണു് നമ്മുടെ സർവകലാശാലകളുടെ അധഃപതനം മനസ്സിലാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese: ആക്ട് ഫോർഡിലെ സർവകലാശാലയിലെ സ്ഥിതി എന്താണ്?

Mr. J. John Kattakayam: പിന്നീട് പറയാം.

Chairman: നിങ്ങൾക്കു ഇനി ഒരു മിനിറ്റു സമയമേ ഉള്ളൂ.

Mr. J. John Kattakayam: മാതൃകായോഗ്യമായ നിലയിൽ തെറ്റു കൂടാതെ ഇംഗ്ലിഷ് സംസാരിക്കുന്നവർ എത്ര പേർ ഉണ്ട്?

Mr. Komilezhathu Sankaran: സർ, ഒരു മെമ്പർ എഴുതിക്കൊണ്ടുവന്നു വായിക്കുന്നതു അനുവദിക്കുമോ?

Chairman: എഴുതി വായിക്കാൻ പാടില്ല.

Mr. J. John Kattakayam: സർ, ഞാൻ എഴുതി വായിക്കുകയല്ല, ഇതെല്ലാം നോട്ടുകുറിച്ചു കൊണ്ടുവന്നതാണ്. അതു ഞാൻ കാണാപ്പാഠം പഠിച്ചിട്ടില്ല. കുറേനേരംകൂടി പ്രസംഗിക്കാൻ എനിക്കു കഴിയും. ഞാൻ മുമ്പു പറഞ്ഞതുപോലെ കാരണവന്മാരെയും രക്ഷകർത്താക്കളേയും കുറ്റം പറയാനോ ഗവൺമെന്റിനു ഉണ്ടാക്കാനോ ഉപകരിക്കുന്ന ഒന്നാണ് ഇന്നത്തെ വിദ്യാഭ്യാസം, അല്ലാതെ ഒരുപയോഗവുമില്ല. ഉദ്യോഗത്തെ ഉദ്ദേശിച്ചാണ് വിദ്യാഭ്യാസംചെയ്യിക്കുന്നതെങ്കിൽ രണ്ടരശതമാനം പേർക്കേ ഇവിടെ ഉദ്യോഗമുള്ളൂ.

Mr. S. Piraviperumal Pillai: I beg to support Mr. Kattakayam. Sir, the Education Department is spending a huge amount every year to impart education to the subjects of His Highness the Maharaja. But I am sorry to find that it is giving the Tamilians alone an indifferent treatment. The question of imparting education in Tamil does not get the attention which it deserves at the hands of this department. Not only has this been my experience, but the report of the department also makes it clear. In the year 1110, the expenditure on departmental Tamil Schools was Rs. 74,114, and Rs. 89,059 on privately managed Tamil Schools, whereas, in the year 1109, the expenditure on departmental Tamil Schools was Rs, 78,000 and odd and on private schools Rs. 1,10,000 and odd. I ask, why did the expenditure on Tamil Schools go down?

Mr. C. V. Chandrasekharan: It is due to the abolition of overlapping schools.

Mr. S. Piraviperumal Pillai: Sir, therefore, not only have more schools not been added, but even existing schools have been abolished. My grievance is that we have not got enough of Tamil schools in the State.

LIBRARY ARCHIVES Kerala Legislative Assembly

Chairman : It is only overlapping schools that have been abolished.

Mr. S. Piraviperumal Pillai : Sir, the attitude of the department towards Tamil education will be clear if we examine the question as to how many overlapping Malayalam schools there were and what percentage of them was abolished, and how many overlapping Tamil schools were there and what percentage of them was abolished.

Mr. K. Madhavan Pillai : Is there any place where the Tamilians suffer for want of a Tamil School?

Mr. S. Piraviperumal Pillai : Trivandrum, for instance.

And then, Sir, on page 108 of the budget, there is a provision of Rs. 750 for the purchase of a Malayalam dictionary. Sir, not one rupee has been allotted for the purchase of a Tamil dictionary.

In paragraph 55 of the Chapter on "Salient Features", in the report of the department, it is stated that maps of Travancore, for the use of the vernacular schools-maps prepared in consultation with the Superintendent of Survey—were supplied to the schools. We know, sir, that, last year, when the Land Revenue Department came forward with a Supplementary Demand for the supply of maps to the Education Department, Mr. Statham vehemently stated that the maps then supplied to the Education Department were wrong in many respects. He said that for efficient instruction in schools correct maps were absolutely necessary and that that was why Government proposed to print the maps themselves. Sir, even then, in opposing the grant, I said that the fact that the Government were going to print the maps could not be a criterion to hold that the maps would be correct. Sir, the correctness of a map depends on the correctness of the original which is inserted into the press for the copies to be printed. It does not matter whether it is the Survey Department, or the Government or some other department of Government, or even a private individual, that does the printing and publication.

Mr. E. P. Varghese : Are there mistakes in the maps supplied by the Survey Department?

Mr. S. Piraviperumal Pillai : I have only five minutes more, Sir. Therefore, I do not think it will be possible for me to detail all the mistakes in the maps now supplied. I shall, anyhow, try and mention just one or two.

Sir, geography is taught in schools mainly with a view to give the pupils a correct idea of what a sea is, what an ocean is, what a mountain is, and all that. We all know, Sir, that there is a vast difference between ocean and sea. The definitions in the text books for ocean and sea are different.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Piraviperumal Pillai.]

In the new map published by Government, Arabian Sea is termed അറേബ്യൻ സമുദ്രം. It ought to be അറേബ്യൻ കടൽ.

In the text book on Travancore Geography we find അറബിക്കടൽ and not അറേബ്യൻസമുദ്രം as in the map.

There are a number of other mistakes. I have just mentioned one. I have got a list of the mistakes.

Chairman: Is the mistake in the language used?

Mr. S. Piraviperumal Pillai: It is in the translation of sea as സമുദ്രം.

Mr. C. V. Chandrasekharan: What is the honourable member's authority for saying that ocean is கடல்?

Mr. S. Piraviperumal Pillai: Ocean is I beg your pardon, സമുദ്രം, Sir. In the map it is said അറേബ്യൻസമുദ്രം, but it is not Arabian Ocean. It is only Arabian Sea. Therefore it ought to be അറബിക്കടൽ. The translation of Arabian Sea is not അറേബ്യൻസമുദ്രം. We have got the ഇന്ത്യാമഹാസമുദ്രം and the Arabian Sea is only a part of the ഇന്ത്യാമഹാസമുദ്രം. The old map has differentiated between the Arabian Sea and the Indian Ocean in the proper way.

Another mistake, Sir, is in the use of symbols. There are symbols to mark light-houses. They are marked in places where there are no light-houses. For instance one such symbol is found against Vattakottai where, as a matter of fact, there is no light-house. The poor students will be under the impression that there is a light-house at Vattakottai but there is not one there actually.

Similarly, rivers are made in the map to originate from places where they do not originate and to flow in places where they do not flow. For instance, the Pazhayar, according to the map, empties in the Tamarakulam Lake. There is no Tamarakulam Lake. It is a mistake for Manakudi Kayal.

Mr. Kayalam Paramesvaran Pillai: Probably the river changes its course.

Mr. S. Piraviperumal Pillai: That is the impression that Government have always. They think that rivers and mountains change just as their statements change.

So, when there are so many mistakes in the map, what is the fun of our being asked to provide a sum for the printing of such maps? Sir, I challenge the Director of Public Instruction to say that there are no such mistakes.

Let him bring me a map and I shall show him that all these mistakes exist there. Sir, the provision for such maps is so much waste of the tax-payer's money.

This map was being published by a Tamilian. That is the fun. And Government thought that they should take it up themselves. That Tamilian, a cripple, published a map, got a few rupees

LIBRARY ARCHIVES Kerala Legislative Assembly

and lived honourably. But the Government wanted to take the bread out of his mouth and so they took the map to the Survey Department. What is the result now? The Survey Department has published a map full of errors.

As I said he is a cripple and you can all see him daily moving in a rickshaw. I therefore appeal to Government that the map now published by the Survey Department, which as I have already pointed out is full of mistakes, be discarded and the map published by the poor cripple be prescribed for use.

Mr. N. K. Padmanabha Pillai: സർ, ഈ സാമ്പത്തികാധഃപതനകാലത്തു് ഫീസ് ഇളവു ചെയ്തു കൊടുക്കേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാകുന്നു. സക്കാർ കരമിളച്ചു കൊടുക്കണമെന്നു് അപേക്ഷിക്കയും അനുവദിക്കയും ചെയ്യുന്നതിനെക്കാൾ കൂടുതൽ ഗുണകരമായ ഒന്നാണു് സ്കൂൾ ഫീസ് ഇളവു ചെയ്യുന്ന കാര്യം കരമിളവു ചെയ്തു കൊടുത്താൽ ഭൂസ്വത്തുടമസ്ഥന്മാരായ കർഷകർക്കു സ്വല്പം ഗുണമുണ്ടാകുമെന്നല്ലാതെ മറ്റുള്ള സാമാന്യജനതക്കു് അതുകൊണ്ടു വിശേഷാൽ ഗുണമൊന്നും ലഭിക്കുന്നില്ല. സ്കൂൾ ഫീസ് ഇളവു ചെയ്താൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളെല്ലാവർക്കും അതുകൊണ്ടുള്ള ഗുണം പരക്കെ കിട്ടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനാൽ ഈ സാമ്പത്തികാധഃപതനാവസ്ഥ തീരുന്നതുവരെ ഇംഗ്ലീഷ് സ്കൂളിലെ ഫീസ് കുറവു ചെയ്തു കൊടുക്കണമെന്നാണു് ഗവണ്മെൻറിനോടു എനിക്കു പറയുവാനുള്ളതു്.

ഫീസ് സൗജന്യത്തിനർഹരായ വിദ്യാർത്ഥികളെ തിരിഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെൻറു ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. തഹശീൽദാർ, ഹെഡ്മാസ്റ്റർ, അസംബ്ലിമെമ്പർ എന്നിവരടങ്ങിയ കമ്മിറ്റിയായിരുന്നു അവരെ തിരിഞ്ഞെടുത്തുകൊണ്ടിരുന്നതു്. അതു് നല്ല ഒരേർപ്പാടായിരുന്നു. എന്നാൽ ഇപ്പോൾ അസംബ്ലിമെമ്പർമാരെ അതിൽനിന്നും നീക്കം ചെയ്തിരിക്കുന്നു. അതു നിമിത്തം വളരെ അഴിമതികൾ ഉണ്ടാകാനെളുപ്പമുണ്ടു്, ഉണ്ടാകുന്നുമുണ്ടു്. ധാരാളം സ്വത്തും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് കഴിവും ഉള്ള ആളുകൾക്കുകൂടി ഫീസ് സൗജന്യം ലഭിക്കുന്നതിനിടയുണ്ടു്. സ്ഥാനത്തിൽ സാധുക്കളായിട്ടുള്ള കുട്ടികൾക്കു കിട്ടാതിരിക്കാനും ഇടയുണ്ടു്. ഇപ്പോൾ തഹശീൽദാരും ഹെഡ്മാസ്റ്ററും കൂടിയാണു് ഫീസ് സൗജന്യത്തിനുള്ള അപേക്ഷകൾ നോക്കുന്നതു്. അതു സാധാരണയായി പാവ്വത്യകാരുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണു് തീരുമാനിച്ചുപോരുന്നതും. വാസ്തവം മറച്ചുള്ള റിപ്പോർട്ടുകളാണു് അതിൽ മിക്കതും. ഒരു കുട്ടിയുടെ ഫീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

സ് സൗജന്യം അനുവദിക്കുന്നതിനു അനുകൂലമായുള്ള കായ്ങ്ങൾ എഴുതിയയക്കുന്നതിനു ഒരു പാവപ്പെട്ടവർ അഞ്ചു രൂപയാണു ഫീസ് നിശ്ചയിച്ചിരിക്കുന്നതു്. ആ കഥ എനിക്കു നേരിട്ടറിയാം. മുൻകാലങ്ങളിലാണെങ്കിൽ അസംബ്ളി മെമ്പർമാർക്കുടി കമ്മിറ്റിയിലുണ്ടായിരുന്നതുകൊണ്ടു് കുട്ടികളുടെ രക്ഷകർത്താക്കന്മാരുടെ എല്ലാ സ്ഥിതികളെപ്പറ്റിയും അവർക്കു നേരിട്ടറിയാനും തൻമൂലം പാവപ്പെട്ടവരുടെ റിപ്പോർട്ടിന്റെ യഥാർത്ഥ വില കമ്മിറ്റിക്കു മനസ്സിലാക്കാനുമിടവന്നിരുന്നു. തഹശീൽദാർക്കും ഹെഡ് മാസ്റ്റർമാർക്കും കുട്ടികളുടെ രക്ഷകർത്താവിന്റെ ധനസ്ഥിതിയെപ്പറ്റിയൊ കുട്ടികളെപ്പറ്റിയൊ യാതൊരു വിവരവുമുണ്ടായിരിക്കയില്ല. അതുകൊണ്ടു് അനുദ്യോഗസ്ഥമെമ്പറന്മാരാരെയെങ്കിലും അസംബ്ളിയിലൊ കൗൺസിലിലൊ നിന്നു കമ്മിറ്റിയിൽ എടുക്കേണ്ടതാണു്. അവർക്കു കൊടുക്കുന്ന സഞ്ചാരപ്പടിയൊ ദിവസപ്പടിയൊ കൊടുക്കാതെ കഴിക്കാമെന്നുള്ള ഉദ്ദേശത്തിലാണു് ഇതു നിറുത്തിയതെന്നു തോന്നുന്നു. അതു ശരിയാണെങ്കിൽ അടുത്തുള്ള ഏതെങ്കിലും നിയമസഭാമെമ്പറെ കമ്മിറ്റിയിൽ ചേർക്കുന്നതു് ഉത്തമമായിരിക്കും. അതുകൊണ്ടു സാധുക്കളായ കുട്ടികൾക്കു വളരെ രക്ഷകിട്ടുന്നതാണു്.

ടെക്സ്റ്റ് ബുക്കുകളെ സംബന്ധിച്ചു ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഒരേ ക്ലാസിലേക്കു പല പുസ്തകങ്ങളെ നിശ്ചയിച്ചിട്ടു് ഹെഡ് മാസ്റ്റർമാർക്കു ബോധിച്ചപോലെ ഒരു പുസ്തകം തിരഞ്ഞെടുത്തുകൊള്ളാമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. നെയ്യാറ്റിൻകര താലൂക്കിൽ അവിടത്തെ ഹെഡ്മാസ്റ്റർ നിശ്ചയിച്ച പുസ്തകം പഠിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയുടെ രക്ഷകർത്താവിനെ വേറൊരു താലൂക്കിലേയ്ക്കു മാറ്റമായാൽ അവിടത്തെ സ്കൂളിൽ ആ കുട്ടി പഠിക്കേണ്ടിവരുന്നതു് ഈ പുസ്തകമല്ലായിരിക്കും; വേറേ ഒരു പുസ്തകം പഠിക്കേണ്ടിവരും. അതു ക്ഷിപ്രസാദ്ധ്യമാണോ? ആ കുട്ടി ആ കൊല്ലം തോറ്റുപോകാനാണ് എളുപ്പമുള്ളതു്. അതിനാൽ ആ വ്യവസ്ഥയെ എത്രയും വേഗത്തിൽ മാറ്റപ്പെടുത്തേണ്ടതാണു്.

Mr. M. N. Narayana Menon: സർ, തിരുവിതാംകൂറിന്റെ അഭിമാനസ്തംഭങ്ങളിലൊന്നു് നാം വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്നുവെന്നുള്ളതാണു്. ഇതയൊക്കെ ക്ഷാമം ആയിരുന്നിട്ടും ഗവണ്മെന്റ് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പണം ചെലവാക്കുന്നതിനു് യാതൊരു മടിയും പ്രദർശിപ്പിക്കുന്നില്ല. എന്നാൽ ചെലവാക്കുന്ന പണത്തിനനുസരണമായ ഗുണം രാജ്യത്തിനു ലഭിക്കുന്നുണ്ടോ എന്നകാര്യംസംശ

LIBRARY ARCHIVES Kerala Legislative Assembly

യമാണ്. വിദ്യാഭ്യാസത്തിനു ശരിയായ ഒരു നയം വച്ചുകൊണ്ടു ആ രീതിയിൽ മുമ്പോട്ടുപോകേണ്ടതു് വളരെ അത്യാവശ്യമാകുന്നു. നിശ്ചിതമായ ഒരു പദ്ധതി രൂപീകരിച്ചതിനു ശേഷം അഞ്ചുകൊല്ലത്തിനകം നാട്ടിൽ പ്രാഥമികവിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങുന്നതിനു ഗവണ്മെൻറു് ഒട്ടും മടിച്ചുകൂടാ.

വിദ്യാഭ്യാസ ഡയറക്ടരുടെ കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ടു നോക്കിയതിൽ അഭിനന്ദനീയങ്ങളായ അനേകം സംഗതികളുണ്ടെങ്കിലും അതുപോലെതന്നെ ഗവണ്മെൻറിനേറയും ഡയറക്ടരുടേയും ശ്രദ്ധയിൽ പെടുത്തേണ്ടതായ പലകാര്യങ്ങളും ഉണ്ടു്. റിപ്പോർട്ടിൻെറ നാലാംവശത്തു നമ്പർ വകുപ്പായി ഇങ്ങനെ കാണുന്നു:—

"Attempts were made to conduct a house to house survey to collect details regarding the age and condition of all children of school age. Attempts to bring into schools, children not in attendance were also made."

എന്നാൽ അങ്ങനെ ഒരു കണക്കെടുത്തിട്ടും എത്ര കുട്ടികളെ സ്കൂളിൽ ചേർത്തു എന്നും ബാക്കിയുള്ള കുട്ടികൾ എത്രയുണ്ടെന്നും ഉള്ള കണക്കു കൂടി എടുത്തിരുന്നെങ്കിൽ നന്നായിരുന്നേനെ.

പ്രൈവറുസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം തീരെ അപകർഷമായ ഒരു നയമാണു് ഡിപ്പാർട്ടുമെൻറു കൈക്കൊണ്ടിരിക്കുന്നതെന്നും പറയാതിരിക്കാൻ തരമില്ല. വിദ്യാഭ്യാസ വിഷയത്തിൽ ഇത്ര വലിയ പുരോഗതി ഈ നാട്ടിൽ ഉണ്ടായതു് പ്രൈവറു സ്കൂൾ അദ്ധ്യാപകന്മാരുടെ ശ്രമംകൊണ്ടുകൂടിയാണു്. അവരാണ് ഇവിടെ വിദ്യാഭ്യാസം കൂടുതലായി പ്രചരിപ്പിച്ചതു്. അവരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു വേണ്ടത്രയോളം ശ്രദ്ധിക്കുന്നില്ല. അവരുടെ ഗ്രാൻറിൽനിന്നും അരരൂപാകുറച്ചതു ഒരിക്കലുംശരിയായില്ല. വീണ്ടും അതുകൂടി കൊടുക്കുമെന്നു വിശ്വസിക്കുന്നു.

ഇനി വിദ്യാർത്ഥികളുടെ കഥ എടുക്കാം. ആകെയുള്ളതിൽ ഒന്നു. ൬ ശതമാനം വിദ്യാർത്ഥികളും പ്രൈവറു വിദ്യാലയങ്ങളിൽ പഠിക്കുന്നു. ൪൬.൫ ശതമാനം വിദ്യാർത്ഥികൾ മാത്രമെ ഗവണ്മെൻറു വിദ്യാലയങ്ങളിൽ പഠിക്കുന്നവരായുള്ളു. ഗവണ്മെൻറു വിദ്യാലയങ്ങൾക്കു ചെലവു കൂടുന്നതുമുണ്ടു്. ആപേക്ഷികമായി തുലോം കുറഞ്ഞ ചെലവുകൊണ്ടാണു് പ്രൈവറു വിദ്യാലയങ്ങൾ നടത്തുന്നതു്. ഫീസു സൌജന്യത്തെ സംബന്ധിച്ചു മി. പത്മനാഭപിള്ള പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. ജനങ്ങളെ ഏതെല്ലാം വിധത്തിൽ ഞെക്കിപ്പിഴിയാമോ ആ വിധത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

ലെല്ലാം കിട്ടാവുന്ന പണം എടുക്കണമെന്നല്ലാതെ സാധുക്കളായ കർഷകരുടെ ഗുണത്തിനായുള്ള ശ്രമങ്ങളിൽ യാതൊരനുഭാവവും ഗവണ്മെൻറിനില്ല. ഡയറക്ടരുടെ റിപ്പോർട്ടിലും ഇതു പരമാർത്ഥമെന്നുകാണാം. മൊത്തത്തിൽ നാട്ടിൽ വിദ്യാഭ്യാസം കുടിവരുന്നു. അനേകം കുട്ടികൾ പള്ളിക്കൂടങ്ങളിൽ പോകുന്നുണ്ട്. എന്നാൽ കർഷകരുടേയൊ ഭൃസ്വത്തുടമസ്ഥന്മാരുടേയൊ കുട്ടികളുടെ എണ്ണം കുറഞ്ഞാണ് വരുന്നത്. ഫ ൦ ൻ-ൽ കർഷകരുടേയും ഭൃസ്വത്തുടമസ്ഥന്മാരുടേയും കുട്ടികൾ ൨,ഫ ൦,൪ നു എണ്ണം പള്ളിക്കൂടങ്ങളിൽപോയി. എന്നാൽ ഫ ഫ ൦ -ാമാണ്ടിൽ അവരുടെ സംഖ്യ പതിനേഴായിരത്തിലധികം കുറഞ്ഞുകാണുന്നു. എന്തൊരു വലിയ കുറവ്! ഇതിനു ഗവണ്മെൻറു സാമ്പത്തികാധഃപതനത്തെ കുറപ്പെടുത്തും. എന്നാൽ ഫീസ് ഇളവു ചെയ്യാൻ സമ്മതമില്ലതാനും.

ഫീസു സൌജന്യക്കമ്മിറ്റിയെപ്പറ്റി മി: പത്മനാഭപിള്ള പ്രസ്താവിച്ച കാര്യങ്ങൾ ശ്രദ്ധാർഹങ്ങളാണു. പ്രസ്തുതകമ്മറ്റിയിൽ ഒരു ജനപ്രതിനിധിയെ കൂടിവയ്ക്കുവാൻ ഗവണ്മെൻറു എന്തിനുമടിക്കുന്നു? തഹശീൽദാരും ഹെഡ്മാസ്റ്ററും ഉദ്യോഗസ്ഥന്മാരാണ്: പ്രാദേശിക കാര്യങ്ങളെപ്പറ്റി അവക്കു ഒരു ജ്ഞാനവും കാണുകയില്ല. ഒരുദ്യോഗസ്ഥൻ വന്ന പിറേറദിവസം ആയിരിക്കും ഫീസുസൌജന്യകാര്യം ചിലപ്പോൾ തീരുമാനിക്കുന്നത്. ആ സമയത്തു് ആ ഉദ്യോഗസ്ഥനു് ഇതിൻെറ തീരുമാനത്തിലെത്തുവാൻസഹായിക്കുന്ന സാഹചര്യം എങ്ങനെ ലഭിക്കും? ഈ നടപടി തെറ്റാണു്. അതുവിശ്വാസമില്ലായ്മ ജനപ്രതിനിധികളോടു തോന്നേണ്ടതില്ല. ഇതിലേയ്ക്കു നാലൊ അഞ്ചൊ രൂപാ പടികൊടുക്കുന്നതിനാണോ ഗവണ്മെൻറു മടിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു? അതുകൊണ്ടു ജനപ്രതിനിധികളെക്കൂടി ഈ കമ്മറ്റിയിൽ ചേർക്കേണ്ടതാണു്.

കഴിഞ്ഞകൊല്ലം പറഞ്ഞകാര്യങ്ങൾതന്നെ ഇക്കൊല്ലവും പറയേണ്ടിയിരിക്കുന്നു. ഡയറക്ടരുടെ റിപ്പോർട്ടിൻെറ ൨൪-ാംവശത്തു് കാളേജിലെ പരീക്ഷായോഗ്യതകളെപ്പറ്റി പറയുന്നു. മദ്രാസുയൂനിവഴ്സിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള മറു കാളേജുകളെ ഇവിടത്തെ കാളേജുകളുമായി താരതമ്യപ്പെടുത്തി ഒരു വിവരണം റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണു്. കാളേജുകളുടെ സ്ഥിതി എങ്ങനെയിരിക്കുന്നു എന്നു ഏകദേശം അറിയാൻ കഴിയും. റിപ്പോർട്ടിൻെറ ൩൫-ാംവശത്തു് കുട്ടിക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ആരോഗ്യസ്ഥിതിയെപ്പററി പറയുന്നു. ആ ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം.

"The annual medical inspection of the students newly admitted to the Junior Intermediate, Junior B. A. and I year Honours Classes was conducted before the close of the first term of the current academic year. The defects noticed by the Medical officers have been communicated to the parents or guardians of the students concerned for attention. The defects and diseases calling for special remarks are malnutrition anaemuie, defec ive vision and enlarged onsils".

ആരോഗ്യനില മോശമായിരിക്കുന്ന കുട്ടികളുടെ രക്ഷയ്ക്കുവേണ്ടി ഗവണ്മെൻറു എന്തു ചെയ്യുന്നു? ആരോഗ്യക്കുറവുള്ളവരിൽ ഭൂരിപക്ഷവും കർഷകരുടേയും ഭൂസ്വത്തുടമസ്ഥന്മാരുടേയും കുട്ടികളാണു്. "പട്ടിണിയും ദാരിദ്ര്യവുമായിരിക്കും" അതിനുള്ള പ്രധാനഹേതു. ഈ വിഷയത്തിലും ഗവണ്മെൻറിൻെറ ദൃഷ്ടിവേണ്ടവണ്ണം പതിയേണ്ടതാണു്.

അനേകം വിദ്യാലയങ്ങളിൽ സ്ഥലസൌകര്യമില്ല. കുറെ കൊല്ലങ്ങളിലായി കുമരകംഇംഗ്ലീഷുസ്കൂളിൽ സ്ഥലസൌകര്യമില്ലാതെ അദ്ധ്യാപകന്മാരും കുട്ടികളും വിഷമിക്കുന്നുണ്ടു്. വെങ്ങളം പ്രൈമറിസ്കൂളിലും സ്ഥലസൌകര്യമില്ല. ഇതുപോലെ അനേകംസ്കൂളുകൾ ഉണ്ടു്. ഇവക്കെല്ലാം ഉടനടി സ്ഥലസൌകര്യങ്ങൾ നൽകാൻ പ്രയാസമുണ്ടെങ്കിൽ ക്രമേണയെങ്കിലും ഇതു പരിഹരിച്ചു കൊണ്ടുവരേണ്ടതാണു്. ഹിന്ദിഭാഷാഭ്യസനം ചിലസ്കൂളിൽ ഏർപ്പെടുത്തിയതായി കാണുന്നു. കഴിവുള്ളിടത്തോളം സ്കൂളുകളിലെല്ലാം അതേർപ്പെടുത്തേണ്ടതാണു്.

വായനശാലയ്ക്കു ഗ്രാൻറുകൊടുക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടമെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞകൊല്ലം അന്നത്തെ ഡയറക്ടരുടെ ഒരു മാസത്തെ ശമ്പളംപോലും വായനശാല ഗ്രാൻറിനായി ചെലവാക്കുന്നില്ല എന്നും ഞാൻ പറകയുണ്ടായി. അന്നത്തെ ഡയറക്ടക്കു് വലിയ ശമ്പളമുണ്ടായിരുന്നു. ഇന്നത്തെ ഡയറക്ടക്കു ശമ്പളം കുറഞ്ഞുപോയി. അതുകൊണ്ടു് നാലുമാസത്തെ ശമ്പളമെങ്കിലും വായനശാല ഗ്രാൻറിനു ഈ വർഷത്തിൽ ചെലവാക്കുകയുണ്ടായി.

Mr. S. Piraviperumal pillai: ഡയറക്ടരുടെ ശമ്പളം കുറഞ്ഞതുകൊണ്ടോണോ വായനശാലാഗ്രാൻറു കുറഞ്ഞുപോയതു്?

Mr. M. N. Narayana Menon: ഞാൻ പറഞ്ഞതു എൻെറ സ്നേഹിതൻ മനസ്സിലാക്കിയില്ല. ഡയറക്ടരുടെ ഒരു മാസത്തെ ശമ്പ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

ളത്തുകപോലും വായനശാലയ്ക്കുവേണ്ടി ചെലവാക്കുന്നില്ല എന്നു പറഞ്ഞാൽ ഇങ്ങനെ മനസ്സിലാക്കുന്നതു്, ഒരുപക്ഷെ മലയാളഭാഷയെപ്പറ്റിയുള്ള പാണ്ഡിത്യക്കുറവുകൊണ്ടായിരിക്കാം. ഇൻസ്പെക്ടറന്മാരുടെ അധികാരപരിധിയെപ്പറ്റിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. തിരുവല്ലാ ഇൻസ്പെക്ടർ കോട്ടയവും കടന്നു മൂവാറ്റുപുഴ ഇൻസ്പെക്ടരുടെ സമീപമുള്ള കടുത്തുരുത്തിവരെ പോകണം. ഇതു കോട്ടയത്തുക്കുടിയാണു്. കോട്ടയം മൂവാറ്റുപുഴ ഇൻസ്പെക്ടർക്കാണു്. തിരുവിതാംകൂറിൽ വിദ്യാഭ്യാസത്തിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്ന കോട്ടയം ഒരു ഡിവിഷൻ ഇൻസ്പെക്ടരുടെ ഹെഡ്കാർട്ടേഴ്സ് ആക്കേണ്ടതാകുന്നു. ഗവണ്മെൻറു ഈ രാജ്യത്തിന്റെ തലസ്ഥാനനഗരി തിരുവനന്തപുരമാക്കിയതു രാജ്യത്തിന്റെ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്നതുകൊണ്ടാണോ? അതാതു കാര്യങ്ങൾ അവ അർഹിക്കുന്ന സ്ഥാനത്തുതന്നെ വെയ്ക്കണം. കോട്ടയത്തുനിന്നും ഫർ നാഴികയുള്ള തിരുവല്ലായിൽ പോകുന്നതാണോ സൌകര്യം, അതോ 80 നാഴികയുള്ള മൂവാറ്റുപുഴയിൽ പോകുന്നതാണോ കോട്ടയത്തുകാക്കു സൌകര്യം? മഹാരാജാവു തിരുമനസ്സിലെ എല്ലാ പ്രജകൾക്കും "ജാതിമതഭേദമില്ലാതെ" എല്ലാ "സ്കൂളിലും" പ്രവേശനം അനുവദിക്കേണ്ടതാണു്. ഇപ്പോൾ അങ്ങനെയുള്ള സ്കൂളുകൾ എത്രയുണ്ടെന്നു് റിപ്പോർട്ടുകൊണ്ടു് വിശദമാകുന്നില്ല. എന്നാൽ ഇനിയും വല്ല സ്കൂളും അപ്രകാരമുണ്ടെങ്കിൽ അവിടെയും എല്ലാവരേയും പ്രവേശിപ്പിക്കേണ്ടതാണു്. മലയാളം ഏഴാംക്ലാസുജയിച്ചവരെ ഇപ്പോൾ ഇംഗ്ലീഷ്സ്കൂളിൽ സെക്കൻഡ് ഫാറത്തിൽചേക്കാൻ അനുവദിക്കുന്നുണ്ടു്. അതോടു വച്ചുനോക്കുമ്പോൾ ൻ-ാംക്ലാസിൽ പാസ്സായവരെ ഫോർത്തു ഫാറത്തിൽ ചേർക്കുന്നതുകൊണ്ടു് തരക്കേടെന്താണു്? അങ്ങനെ ചെയ്യുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ൻ-ാംക്ലാസു ജയിച്ചവരെ ഫോർത്തുഫാറത്തിൽ ചേർക്കാനുള്ള അനുവാദം കൊടുക്കേണ്ടതാണു്. ൻ-ാം ക്ലാസിൽനിന്നും വരുന്നവരെ തേർഡ്ഫാറത്തിൽ ചേർക്കാനും അനുവദിക്കണം. വിദ്യാഭ്യാസസൌജന്യം അർഹിക്കുന്നതായ അധഃകൃതരുടെ കൂട്ടത്തിൽ വടക്കൻതിരുവിതാംകൂറിലുള്ള "പരവർ" ജാതിക്കാരെക്കൂടി ഉൾപ്പെടുത്തേണ്ടതാണു്.

Mr. Sayed M. Bava : സർ, മുസ്ലിം വിദ്യാഭ്യാസത്തിനുവേണ്ടി ഗവണ്മെൻറുചെയ്യുന്ന പരിശ്രമങ്ങൾക്കു് ഞാൻ എന്റെ കൃതജ്ഞതയെ പ്രദർശിപ്പിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. മുസ്ലിം വിദ്യാഭ്യാസപ്രചരണത്തിനായി മാത്രം മഹമ്മദൻ ഇൻസ്പെക്ടർ എന്ന

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ഗവണ്മെൻറു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ സൃഷ്ടിച്ചിട്ടുണ്ട്. ആ പേരിനു വലിയ അർത്ഥമൊന്നുമില്ലെന്നു ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ എനിക്കു കഴിയും, എങ്കിലും തൽക്കാലം ഞാൻ അതു പറയണമെന്നു വിചാരിക്കുന്നില്ല. തിരുവിതാംകൂറിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചു മുസ്ലിം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട ജോലികൾ ചെയ്യുന്നതിനാണു് ആ ഉദ്യോഗസ്ഥൻ നിയമിക്കപ്പെട്ടിട്ടുള്ളതെന്നു അദ്ദേഹം ചെയ്യുന്ന പ്രവർത്തികളിൽനിന്നും മനസ്സിലാക്കാം. ഇങ്ങനെ ജോലിചെയ്യുന്ന ഉദ്യോഗസ്ഥനു് അടുത്തകാലംവരെ ൧൫൰ രൂപാ ശമ്പളം കൊടുത്തിരുന്നു. എന്നാൽ സമീപകാലത്തു് എന്തു മറിമായത്താലാണെന്നറിഞ്ഞില്ല, ആ ഉദ്യോഗസ്ഥനു് ൪൦-൬൦ രൂപ സ്കെയിലിൽ ൪൦ രൂപയാണു് ശമ്പളം കൊടുക്കുന്നതു്.

Mr. Komilezhathu Sankaran: ശമ്പളം കൊടുക്കുന്നതു് ഉദ്യോഗത്തെ നോക്കിയാണോ, ആളെ നോക്കിയാണോ?

Mr. Sayed M. Baya : ചോദ്യം എനിയ്ക്കു മനസ്സിലായില്ല. ഉദ്യോഗം നോക്കുന്ന ആളുകൾക്കാണല്ലോ ശമ്പളം കൊടുക്കുന്നതു്.

Mr. Komilezhathu Sankaran : ഉദ്യോഗത്തിന്റെ യോഗ്യത നോക്കിയല്ലേ ശമ്പളം കൊടുക്കുന്നതു്?. ആളെ നോക്കിയല്ലല്ലോ?

Mr. Sayed M. Bava : ഒരു ഉദ്യോഗസ്ഥൻ ചെയ്യുന്ന ജോലിക്കു ശമ്പളം കൊടുക്കുന്നു എന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

Mr. Komilezhathu Sankaran : സർവീസു കൂടുതലുള്ളവർക്കു ശമ്പളക്കൂടുതലും കുറവുള്ളവർക്കു കുറഞ്ഞ ശമ്പളവും കൊടുക്കുന്നില്ലയോ?

Mr. Sayed M Bava : അതാതു ജോലികൾക്കു പ്രാപ്തിയും യോഗ്യതയും ഉള്ള ആളുകളെ നിയമിക്കുകയും അതനുസരിച്ചുള്ള ശമ്പളം കൊടുക്കുകയുമാണു ചെയ്യുന്നതു്.

ഇങ്ങനെ മഹമ്മദൻ ഇൻസ്പെക്ടരുടെ ശമ്പളം കുറച്ചതു ശരിയായില്ല. എന്നാൽ ജോലിക്കു ഒരു കുറവും വരുത്തിയിട്ടില്ല. തിരുവിതാംകൂർ മുഴുവൻ ചുറ്റിസഞ്ചരിക്കണം, അതിനു ആ മനുഷ്യനു സൗകര്യമുണ്ടോ എന്നും സമയമുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ? ഇപ്പോൾ ആ ഉദ്യോഗസ്ഥൻ ചെയ്തീക്കേണ്ടതായജോലിമുഴുവൻ ചെയ്തീക്കുന്നില്ല. ഇതു് ആ ഉദ്യോഗസ്ഥന്റെ കുറ്റംകൊണ്ടാണെന്നല്ല ഞാൻ സഭയെ അറിയിക്കുന്നതു്, അതിനുള്ള സമയവും സൌകര്യങ്ങളും ആ ഉദ്യോഗസ്ഥനു തുലോം കുറവാണു്. അതങ്ങിനെയിരിക്കട്ടെ.

ഈ ഉദ്യോഗസ്ഥൻ ചെയ്തീക്കേണ്ട ജോലികൾതന്നെ എന്തെല്ലാമാണെന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ എന്നു സംശയമാണു്. അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Sayed M. Bava]

ഹത്തിനു ന്യായമായി കൊടുക്കാനുള്ള അധികാരംതന്നെ ഗവണ്മെൻറു കൊടുത്തിട്ടില്ല. അദ്ദേഹത്തിന്റെ ഔദ്യോഗികനിലതന്നെ സ ചർക്കുത്തിലാണോ പാതാളത്തിലാണോ എന്നു നിശ്ചയമില്ല. ഡയറക്ടരുടെ കീഴിലോ, ഡിവിഷൻ ഇൻസ്പെക്ടരുടെ കീഴിലോ, അസിസ്റ്റൻറ് ഇൻസ്പെക്ടരുടെ കീഴിലോ ആരുടെ കീഴിലാണു അദ്ദേഹം ജോലിചെയ്യേണ്ടതു്? ഇതുവരെ നിശ്ചിതമായ ഒരു വ്യവസ്ഥയുണ്ടായിട്ടില്ല. ഇങ്ങിനെ അനിശ്ചിതമായ നിലയിൽ വിട്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥനു എന്തുചെയ്യാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു? ഈ ഉദ്യോഗസ്ഥന്റെ അധികാരം നിർണയിക്കേണ്ടതു് എന്തുകൊണ്ടും അത്യാവശ്യമാണു്. അദ്ദേഹത്തിനു തിരുവിതാംകൂർ മുഴുക്കെ സഞ്ചരിച്ചു ജോലിചെയ്യുന്നതിനുള്ള സമയവും സൗകര്യവും ലഭിക്കുന്നില്ലെന്നുകണ്ടാൽ അതിലേക്കു കൂടുതൽ ആളുകളെ ഏർപ്പെടുത്തേണ്ടതാണു്. വിദ്യാഭ്യാസപരിഷ്ക്കരണക്കമ്മറ്റി ഇതിനെപ്പറ്റി കൂടുതലായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്.

Mr. C. V. Chandrasekharan : Is the honourable member aware that the Education Reforms Committee recommended the abolition of the post of the Muhamadan Inspector?

Mr. Sayed M. Bava: മുഹമ്മദൻ ഇൻസ്പെക്ടർ ഉദ്യോഗം നിറുത്തണമെന്നാണു അവർ സുപാർശ ചെയ്തിട്ടുള്ളതെന്ന വിവരം എനിക്കു മനസ്സിലായിട്ടില്ല.

Mr. Komilezhathu Sankaran : മറ്റേതെങ്കിലും സമുദായത്തിനുവേണ്ടി വിദ്യാഭ്യാസത്തിനുള്ള പ്രത്യേകഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടോ?

Mr. Sayed M. Bava : മുസ്ലീം സമുദായം മറ്റു സമുദായങ്ങളെ അപേക്ഷിച്ചു് വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു സമുദായമാണു്.

Mr. Komilezhathu Sankaran : ഈരാജ്യത്തെ അധഃകൃത സമുദായങ്ങളുടെ വിദ്യാഭ്യാസനില എങ്ങിനെയാണു? ഉയർന്നതാണോ? താഴ്ന്നതാണോ?

Mr. Sayed M. Bava: അവക്കുള്ളതിനെക്കാൾ വലിയ മെച്ചമായ നിലയൊന്നും മുസ്ലീങ്ങൾക്കില്ല.

Mr. Komilezhathu Sankaran : മുഹമ്മദീയരിൽ വിദ്യാഭ്യാസമുള്ളവരുടെ ശതമാനം എന്താണു? അധഃകൃതരുടെ ശതമാനം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. Sayed M. Bava: മുസ്ലീംസമുദായത്തിന്റെ ശതമാനത്തെക്കാൾ ഏതാണ്ടു അല്പം കുറവാണു് അധഃകൃതസമുദായക്കാരുടെ ശതമാനം.

ഈ ഉദ്യോഗസ്ഥന്റെ ജോലിയും അധികാരവും നിർണ്ണയിക്കുകയും അതനുസരിച്ചു ജോലിചെയ്യ തീക്കുവാനുള്ള സമയവും സൌകര്യവും ഇല്ലെങ്കിൽ കൂടുതൽ ആളുകളെ നിയമിക്കുകയും ചെയ്യണം. ഇതിനെ അനുകൂലിക്കുന്ന നിർദ്ദേശങ്ങളാണു് വിദ്യാഭ്യാസപരിഷ്കരണക്കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ളതു്. കൂടുതൽ അദ്ധ്യാപകന്മാരെ മുസ്ലിംസമുദായത്തിൽനിന്നും നിയമിക്കണമെന്നും അവർ ശുപാർശ ചെയ്തിട്ടുണ്ടു്. ഇവയെല്ലാം എത്രയും വേഗത്തിൽ പ്രയോഗത്തിൽവരുത്തണമെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നുകൊള്ളുന്നു.

മുസ്ലീങ്ങൾ കൂടുതലായി അധിവസിക്കുന്ന കേന്ദ്രങ്ങൾ പരിശോധിച്ചു് മുസ്ലിംവിദ്യാഭ്യാസത്തിന്റെ പ്രചരണം പുരസ്കരിച്ചു മൂന്നു അസിസ്റ്റൻറു് ഇൻസ്പെക്ടർമാരെയെങ്കിലും മുസ്ലീംസമുദായത്തിൽനിന്നും നിയമിക്കണമെന്നു വിദ്യാഭ്യാസപരിഷ്കരണക്കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടു്. ആ ശുപാർശ ഇതേവരെ നടപ്പിൽവരുത്താൻ ഗവണ്മെൻറു ശ്രമിച്ചിട്ടില്ലെന്നു കാണുന്നതു വളരെ പരിതാപകരമായിരിക്കുന്നു. ഇനിയെങ്കിലും ഒട്ടും താമസിയാതെ ആ ശുപാർശ നടപ്പിൽവരുത്തണമെന്നു ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു.

Mr. M. P. Madhavan Pillai: സർ, ഈ രാജ്യത്തിന്റെ ഉൾനാടുകളിൽ ജനങ്ങൾക്കു വേണ്ടവിധത്തിൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഒരുംതന്നെയില്ല. അതാതുസ്ഥലത്തുള്ള ജനങ്ങൾ വളരെ ത്യാഗം ചെലവുചെയ്തു വൻപിച്ച കെട്ടിടങ്ങൾ കെട്ടി അതും സ്ഥലവുംകൂടി ഗവണ്മെൻറിലേക്കു വിട്ടുകൊടുത്തതിനുശേഷമാണു് അത്തരം സ്ഥലങ്ങളിലെല്ലാം വിദ്യാഭ്യാസസൌകര്യമുണ്ടായിട്ടുള്ളതു്. എന്നാൽ ഇന്നു ആവക കെട്ടിടങ്ങൾ വേണ്ടതരത്തിൽ ഗവണ്മെൻറിൽനിന്നും കെട്ടിസൂക്ഷിക്കുകയോ ആ കെട്ടിടങ്ങളുടെ സ്ഥിരമായ നിലനില്പിനുവേണ്ടി വേണ്ടതു ചെയ്യുകയോ ചെയ്യുന്നില്ല. ഇന്നു പലേ കെട്ടിടങ്ങളും ജീർണ്ണിച്ചും താഴെ വീഴത്തക്ക നിലയിലുമായിരിക്കുന്നു. ജനങ്ങൾ ഇത്രവൻപിച്ചു ത്യാഗചെലവുചെയ്തു കെട്ടിടംകെട്ടി ഗവണ്മെൻറിനെ ഏല്പിച്ചിട്ടുള്ളതു് എന്നുള്ളതുകൊണ്ടു അവരുടെകുട്ടികളുടെ വിദ്യാഭ്യാസം സുരക്ഷിതമാക്കിത്തീർക്കുന്നതിലേക്കാണു്. എന്നാൽ ഈ കെട്ടിടങ്ങളുടെ അടുത്തു വേറെ സ്കൂളുകൾ നടത്തുവാൻ അനുവദിക്കയും അവക്കു ഗ്രാൻറു നൽകുകയും ചെയ്തുവരുന്നു. അതുകൊണ്ടു ഗവണ്മെൻറുസ്കൂളു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. P. Madhavan Pillai.]

കളിലെ വിദ്യാഭ്യാസത്തിനുതന്നെ തടസ്സം സംഭവിക്കുന്നുണ്ട്. ആ കാരണത്താൽ പല ഗവണ്മെൻറ്സ്കൂളുകളും നിറുത്തത്തക്കനിലയിൽ അധഃപതിച്ചിട്ടുമുണ്ട്. ഗവണ്മെൻറ്സ്കൂളുകളിലെ അദ്ധ്യാപകന്മാർ മിക്കവാറും അന്യദിഗ്വാസികളായിരിക്കും; അതിനടുത്തു സ്ഥാപിച്ചിട്ടുള്ള പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകന്മാർ അതാതുദിക്കിൽ താമസിക്കുന്നവരുമായിരിക്കും. അതിനാൽ ആ ദിക്കിലുള്ള കുട്ടികളെ മിക്കവാറും പ്രൈവറ്റ് സ്കൂളുകളിൽ കൊണ്ടു ചേർക്കുന്നതിനായി ഈ പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ സ്വാധീനശക്തി മുഴുവൻ ഉപയോഗിക്കുമെന്നുള്ളതു സുവ്യക്തമായ ഒരു സംഗതിയാകുന്നു. ഈ ദേശവാസികൾ പണിയിച്ചു ഗവണ്മെൻറിലേക്കു വിട്ടുകൊടുത്ത സ്കൂളുകളിൽ അദ്ധ്യയനം നടത്തുന്നതിനുള്ള കുട്ടികളുടെ എണ്ണം തൽമൂലം കുറഞ്ഞുവരുന്നു. ഈ വസ്തുത ആലോചിക്കാതെ അത്തരം സ്കൂളുകളുടെ അടുത്തുതന്നെ വേറെസ്കൂളുകൾ സ്ഥാപിച്ചു നടത്തിക്കൊള്ളുവാൻ അനുവാദവും അവക്ക് ഗ്രാൻറും നൽകുകയാണു ഗവണ്മെൻറു ചെയ്തുവരുന്നതു്.

The Council adjourned at 5 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly